## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1546 — 21.03.2012 ൽ മറുപടിയ്ക്ക്

### കർഷക ആത്മഹത്യകൾ

**ചോദ്യം**

ശ്രീ. ബാബു എം. പാലിശ്ശേരി

**മറുപടി**

ശ്രീ. കെ.പി. മോഹനൻ
(ബഹു: കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള 9 മാസക്കാലയളവിനുള്ളിൽ സംസ്ഥാനത്ത് എത്ര കർഷകആത്മഹത്യകൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്ന കർഷക ആത്മഹത്യ സംബന്ധിച്ച് ജില്ലാ കളക്ടർമാർ മുഖേന ലഭ്യമായ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ജില്ല | ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | ഇല്ല |
| കൊല്ലം | ഇല്ല |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | ഇല്ല |
| കോട്ടയം | ഇല്ല |
| ഇടുക്കി | ഇല്ല |
| എറണാകുളം | ഇല്ല |
| തൃശ്ശൂർ | 1+1(മാനസികാസ്വാസ്ഥ്യം മൂലം ആത്മഹത്യ ചെയ്തതാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു) |
| പാലക്കാട് | ഇല്ല |
| കോഴിക്കോട് | 1 |
| മലപ്പുറം | ഇല്ല |
| വയനാട് | 16 |
| കണ്ണൂർ | 4 |
| കാസർഗോഡ് | 3 |
| ആകെ | 27 |

| | | | |
|---|---|---|---|
| (ബി) | കർഷക ആത്മഹത്യകൾ ഇല്ലാതാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | കർഷക ആത്മഹത്യകൾ കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ള വയനാട് ജില്ലയിൽ സ്വീകരിച്ചിട്ടുള്ള/ സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. 15.12.2011 ലെ ജി.ഒ(എംഎസ്) നം.451/11/റവ ഉത്തരവ് പ്രകാരം ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, ബാക്ക്‌വേഡ് ക്ലാസ്സസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ എന്നിവ വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടികൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിച്ചുകൊണ്ടും ടി കടങ്ങൾക്കുള്ള പിഴപ്പലിശ ഒഴിവാക്കിക്കൊണ്ടും എന്നാൽ കൃത്യമായ തിരിച്ചടവിന് പലിശയിനത്തിൽ അടച്ചിട്ടുള്ള തുകയിൽ 10% കിഴിവ് അനുവദിച്ചു കൊണ്ടും ഉത്തരവായിട്ടുണ്ട്.

2. 23.11.2011 ന് വിളിച്ചു ചേർത്ത സ്പെഷ്യൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി യോഗത്തിലെ തീരുമാനമനുസരിച്ച് 30.12.2011 ലെ ജി.ഒ(എംഎസ്) നം.279/2011/കൃഷി ഉത്തരവ് പ്രകാരം വയനാട് ജില്ലയെ കാർഷിക ദുരന്ത ബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ കാർഷിക പ്രതിസന്ധി മൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്കും ഇപ്പോൾ ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകർക്കും വേണ്ടി ഒരു പാക്കേജ് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി അനുവദിച്ച് നടപ്പാക്കി വരുന്നുണ്ട്. അതനുസരിച്ച് വയനാട് ജില്ലയിലെ കർഷകർ കാർഷിക വിളകളെ അടിസ്ഥാനപ്പെടുത്തി എടുത്തിട്ടുള്ള വായ്പകൾക്ക് വാണിജ്യ ബാങ്കുകൾ 30.12.2011 മുതൽ ഒരു വർഷത്തേക്ക് മൊറട്ടോറിയം ഉൾപ്പെടെ വിവിധ നടപടികൾ എടുത്തിട്ടുണ്ട്.

3. വയനാട് ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള മുഴുവൻ കാർഷികകടങ്ങളും പരിഗണിക്കുവാൻ അധികാരപ്പെടുത്തും വിധം 2006 ലെ കേരള ഫാമേഴ്സ് ഡെബ്റ്റ് റിലീഫ് കമ്മീഷൻ ആക്ടിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

4. വയനാട് ജില്ലയിലെ കാർഷികവായ്പാ മേഖലയുടെ ഇപ്പോഴത്തെ സ്ഥിതി, ടി മേഖലയിൽ സഹകരണ സംഘങ്ങളുടെ പങ്ക്, സഹകരണ സംഘങ്ങൾ നല്കുന്ന വായ്പകൾ, സഹകരണമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, കർഷകർക്ക് വായ്പ യഥാസമയം ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ, പരിഹാരം എന്നിവയെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകാൻ ഒരു സമിതിയെ നിയമിച്ചിട്ടുണ്ട്.

5. 1958 ലെ കേരള മണി ലെൻഡേഴ്സ് ആക്ടിന്റെ ഭാഗമായി മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നിയമ നിർമ്മാണം നടത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു.
6. കാർഷികോല്പന്നങ്ങൾക്ക് താങ്ങുവില നൽകി അവ സംഭരിക്കുന്നതിനുള്ള വിശദമായ സ്കീം തയ്യാറാക്കിയിട്ടുണ്ട്.

7. 23.11.2011 ലെ ജി.ഒ(എംഎസ്) നം.255/2011/കൃഷി പ്രകാരം വയനാട് ജില്ലയിൽ നെല്ല് സംഭരണം നടത്തുവാൻ തീരുമാനിച്ചുകൊണ്ടും കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിലെ അരി മില്ലുകളിലേയ്ക്ക് നെല്ല് കൊണ്ടുപോകുന്നതിനുള്ള അധിക ചെലവ് ട്രാൻസ്പോർട്ട് സബ്സിഡിയായി സർക്കാർ വഹിക്കുന്നതിന് തീരുമാനിച്ചുകൊണ്ടും ഉത്തരവാകുകയും 16.12.2011 ലെ ജി.ഒ(ആർറ്റി.) നം.2355/2011/കൃഷി ഉത്തരവ് പ്രകാരം ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 2011 ഡിസംബർ 30-ാം തീയതി നെല്ല് സംഭരണം ആരംഭിക്കുകയും നാളിതുവരെ സപ്ലൈകോ മുഖാന്തിരം 1599.25 ടൺ നെല്ല് സംഭരിക്കുകയും ചെയ്തിട്ടുണ്ട്. നെല്ല് സംഭരണം ഇപ്പോൾ എല്ലാ ജില്ലയിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

8. 13.12.2011 ലെ ജി.ഒ(എംഎസ്) നം.272/2011/കൃഷി ഉത്തരവ് പ്രകാരം കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വയനാട് ജില്ലയുടെ ചുമതലയുള്ള പട്ടികവർഗ്ഗക്ഷേമ-യുവജനകാര്യ-മ്യൂസിയം-മൃഗശാല വകുപ്പ് മന്ത്രി അംഗമായി, കാർഷികോല്പാദന കമ്മീഷണർ കൺവീനറായി സർക്കാർ പരിപാടികളുടെ നടത്തിപ്പ് വിലയിരുത്തുന്നതിനായി സ്പെഷ്യൽ മോണിറ്ററിംഗ് സംവിധാനം ജില്ലയിൽ നടപ്പാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

9. കർഷകർക്ക് അർഹതപ്പെട്ട സബ്സിഡികൾ ക്യാഷ് സബ്സിഡിയായി നൽകുന്നതിന് ഉചിതമായ നിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നു.

10. 22.11.2011 ലെ ജി.ഒ(എംഎസ്) നം.256/2011/കൃഷി ഉത്തരവ് പ്രകാരം പഞ്ചായത്ത് തലത്തിൽ കർഷക മിത്ര സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ സമിതിയിൽ കൃഷി ഓഫീസർ, വെറ്ററിനറി ഓഫീസർ, പഞ്ചായത്ത് പ്രദേശത്തെ ഒന്നോ രണ്ടോ വോളന്ററി ഏജൻസികളുടെ പ്രതിനിധികൾ , പ്രാഥമിക സഹകരണ ബാങ്ക് പ്രസിഡന്റ്, മറ്റ് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളാണ്. സമിതിയുടെ ആഭിമുഖ്യത്തിൽ കർഷകവൃത്തി, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, കാർഷികോല്പന്നങ്ങളുടെ വിലനിലവാരം എന്നിവയെക്കുറിച്ച് ആവശ്യമായ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതാണ്.

11. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കർഷകരുടെ ഭൂമിയിൽ ഏതെല്ലാം പ്രവൃത്തികൾ ഏറ്റെടുക്കാമെന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് 14.12.2011 ലെ 65108/ഡിഡി2/2011/ത.സ്വ.ഭ.വ നമ്പരായി സർക്കുലർ പുറപ്പെടുവിക്കുകയും ഇക്കാര്യം പൊതുജനത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ എം.ജി.എൻ.ആർ.ഇ.ജി.എസ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ, 16.02.2012 ലെ ജി.ഒ(എംഎസ്.) നം.53/2012/റവ ഉത്തരവ് പ്രകാരം വയനാട് ജില്ലയിൽ ആത്മഹത്യ ചെയ്ത 12 കർഷകരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ഒരു ലക്ഷം രൂപ വീതം ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ